LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യത്തിന് നമ്മൾ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ട്. 'The exemption given to subsection 8 of the 2nd provision of the said notification to the vehicle operating State permit or National goods permit or All India tourist permit from installing the speed governors goes against the spirit of the section 16.....' ഉടങ്ങിയ വിവരങ്ങൾ നമ്മൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതിനനുസൃതമായ മാറ്റം വരുത്തണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. നാഷണൽ പെർമിറ്റ് വണ്ടികൾക്ക് ഇപ്പോൾ എക്സംപ്ഷൻ നിലനിൽക്കുകയാണ്, അങ്ങനെ എക്സംപ്ഷൻ നിലനിറുത്തിക്കൊണ്ട് ഓടുമ്പോൾ ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയമത്തിൽ മാറ്റം വരുത്തണമെന്ന് നമ്മൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം രണ്ട് അടിയന്തര ചോദ്യമുണ്ട്, അതുകൊണ്ട് സപ്ലിമെന്ററി ചോദ്യം ഒന്ന മാത്രം മതി.

2. കേരളസർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന പരാതി

ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംവരണ വിഭാഗത്തിൽപ്പെട്ട ഉയർന്ന മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് മെരിറ്റ് ലിസ്റ്റിൽ പ്രവേശനം നൽകാതെ സംവരണ വിഭാഗത്തിൽപ്പെടുത്തി പ്രവേശനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുകാരണം യഥാർത്ഥത്തിൽ സംവരണത്തിന് അർഹതയുള്ള ഒട്ടേറെ വിദ്യാർത്ഥികളുടെ അവസരം നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംവരണം നഷ്ടപ്പെടാതിരിക്കാൻ എന്തു പരിഹാര നടപടിയാണ് അടിയന്തരമായി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) കേരളസർവ്വകലാശാല ഡിഗ്രി പ്രവേശനത്തിനുള്ള ഓൺലൈൻ അലോട്ടുമെന്റിൽ സാങ്കേതികമായി ചെറിയ പിഴവുകൾ പറ്റിയതല്ലാതെ അട്ടിമറി നടന്നിട്ടില്ല.

(ബി) മെറിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിക്കേണ്ട 126 വിദ്യാർത്ഥികൾക്ക് സാങ്കേതികമായ പിഴവ് മൂലം സംവരണ വിഭാഗത്തിലാണ് പ്രവേശനം ലഭിച്ചിട്ടുള്ളത്.

(സി) തുടർന്ന് വരുന്ന അലോട്ടുമെന്റിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതിനാൽ, സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അവസരം ഇതുവഴി നഷ്ടപ്പെടുകയില്ല.

(ഡി) തുടർന്ന് വരുന്ന അലോട്ടുമെന്റിൽ സംവരണ വിഭാഗത്തിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികളെ മെരിറ്റിൽ വരുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുമ്പോൾ സംവരണ വിഭാഗങ്ങൾക്ക് അർഹമായ അവസരം ലഭിക്കുന്നതിന് സാധ്യമാകും. ഇതിനുവേണ്ട നടപടികൾ കേരള യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇവിടെ 126 വിദ്യാർത്ഥികൾക്കാണ് അവസരം നഷ്ടമായതെന്ന് മിനിസ്റ്റർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. തുടർന്നുവരുന്ന അലോട്ട്മെന്റിൽ അത് പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ വരുമ്പോൾ നേരത്തേ അലോട്ട്മെന്റ് നടത്തിയിരുന്ന വിദ്യാർത്ഥികൾ ഓപ്റ്റ് ചെയ്തിരുന്ന സ്കൂളുകളും സബ്ജക്ടുകളും മാറേണ്ടിവരില്ലേ ; കോളേജുകളും മാറേണ്ടിവരില്ലേ ; അങ്ങനെ വരുമ്പോൾ ഈ റീ സെറ്റിൽമെൻറ് നടത്തുന്നതിനുള്ള എന്ത തരം മെക്കാനിസമാണ് അങ്ങ് ഉണ്ടാക്കിയിട്ടുള്ളത്? അതുപോലെ സമാനമായി അഡ്മിഷൻ നടത്തുന്ന മറ്റ് സർവ്വകലാശാലകളിലും ഇതുപോലെയുള്ള സംഭവങ്ങൾ നടന്നതായി വാർത്തകൾ വരുന്നതിനാൽ, ഈ പ്രദേശങ്ങളിലും ഇത്തരത്തിൽ നടക്കുന്നുണ്ടോ എന്നു പരിശോധിച്ച് പരിഹാരമാർഗങ്ങൾ കണ്ടുപിടിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ സാങ്കേതികമായ പിഴവ് മൂലമാണ് അത് സംഭവിച്ചിട്ടുള്ളത്. അത് അതിന്റേതായ രീതിയിൽ കുട്ടികൾക്ക് അർഹിക്കുന്നതരത്തിലുള്ള പരിഗണനകൊടുത്ത് ഈ വിഷയം പരിഹരിക്കാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

1281/18

LIBRARY ARCHIVES Kerala Legislative Assembly